LIBRARY ARCHIVES Kerala Legislative Assembly

3. പട്ടുവം പദ്ധതി

ഈ പദ്ധതി 2013 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയ്ക്ക് മൊത്തം 623 കി.മീ. പൈപ്പ്ലൈനുകൾ സ്ഥാപിക്കണം. ഇതിൽ 171 കി.മീ. പൈപ്പ്ലൈൻ ആദ്യ കരാറുകാരൻ സ്ഥാപിച്ചു. ബാക്കി പണികൾ മൂന്ന് പുതിയ കരാറുകളിലായി നടന്നുവരുന്നു. 2015 മാർച്ച് മാസം പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. കോഴിക്കോട് പദ്ധതി

ഈ പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻടേക്ക് കിണറിന്റെയും 174 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99.42 ശതമാനം പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവോയറിൽ 17 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. 1850 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ 22.5 ശതമാനം പൂർത്തീകരിച്ചു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ജിക്ക പദ്ധതിയുടെ പണികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുവാൻ വേണ്ടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുണ്ട്. കൂടാതെ വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി എന്നിവർ പുരോഗതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ

21 (*231) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം.-ന കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) ജീവിത ശൈലീ രോഗ നിയന്ത്രണം, അമ്മയും കുഞ്ഞും പദ്ധതി തുടങ്ങിയവ പ്രതിസന്ധി നേരിടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ)

1. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പിലാക്കുക
2. ജനനി സുരക്ഷായോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാകാര്യക്രം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. വിദ്യാലയ ആരോഗ്യ പദ്ധതി
7. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം
8. ഇമ്മ്യൂണൈസേഷൻ
9. കുടുംബക്ഷേമ പദ്ധതി
10. കൗമാര ആരോഗ്യ പദ്ധതി
11. മാതൃമരണനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി
12. നഗര ആരോഗ്യ പദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി
14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക
15. ആരോഗ്യ പരിശീലനം
16. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം
17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

19. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും

20. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

21. ആയുഷ് പദ്ധതി

22. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

23. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

24. ആരോഗ്യ വിവരശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്.)

25. റേഡിയോ ഹെൽത്ത്

26. ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി

27. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി

28. സംയോജിത രോഗ അവലോകന പദ്ധതി

29. ദേശീയ ജന്തുജന്യ രോഗനിയന്ത്രണ പദ്ധതി

30. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

31. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

32. സമഗ്ര ആരോഗ്യ പദ്ധതി

33. അമ്മയും കുഞ്ഞും പദ്ധതി

(ബി&സി) കേന്ദ്രത്തിൽനിന്ന് യഥാസമയം ഫണ്ട് ലഭ്യമാകാതെ വരുന്ന സന്ദർഭങ്ങളിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ഫണ്ട് സംസ്ഥാന ട്രഷറി സംവിധാനത്തിലൂടെ ആക്കിയതിനെത്തുടർന്ന് ഫണ്ട് ലഭിക്കാൻ ഉണ്ടായ സാങ്കേതിക തടസ്സങ്ങളുടെ ഭാഗമായി പദ്ധതിയുടെ നടത്തിപ്പിൽ ചില താമസം നേരിടേണ്ടിവന്നിട്ടുണ്ട്. 2014-15 വർഷത്തെ ഫണ്ട് ലഭിച്ചതിനെത്തുടർന്ന് പദ്ധതി പ്രകാരമുള്ള ശമ്പളം വിതരണം ചെയ്യുവരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ വന്ന തടസ്സമല്ലാതെ പദ്ധതിയുടെ നടത്തിപ്പിനോ, ഉദ്ദേശ്യലക്ഷ്യങ്ങൾക്കോ യാതൊരുവിധ തടസ്സങ്ങളും ഇതുവരെ നേരിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly